ഖാദി വസ്ത്രങ്ങൾ

101 (4092) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വസ്ത്രവ്യാപാര രംഗത്ത് എത്ര ശതമാനം ഖാദി വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നു എന്നു പറയാമോ; ഖാദി വസ്ത്രങ്ങളുടെ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ;

(ബി) വിദ്യാലയങ്ങളിലെ ഒരു ദിവസത്തെ യൂണിഫോം ഖാദി വസ്ത്രങ്ങളാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുവാനും കുറഞ്ഞ നിരക്കിൽ യൂണിഫോം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2013-14 വർഷത്തിൽ സംസ്ഥാനത്ത് 1060.18 ലക്ഷം രൂപയുടെ ഖാദി തുണിത്തരങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. ഖാദി വസ്ത്രങ്ങളുടെ പ്രചരണത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10 ശതമാനം സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന 10 ശതമാനം റിബേറ്റിനു പുറമേ ഉത്സവകാലങ്ങളിൽ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10 ശതമാനം റിബേറ്റ് കൂടി സർക്കാർ അനുവദിച്ചു.

2. കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരോടും മറ്റ് ജനവിഭാഗങ്ങളോടും ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറി ആക്കണമെന്നും അഭ്യർത്ഥിച്ചു. ഈ സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20 ശതമാനത്തോളം വർദ്ധനവുണ്ടായി.

3. ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി വിൽപ്പന കേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും പ്രധാന വിൽപ്പന കേന്ദ്രങ്ങൾ എയർ കണ്ടീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്"നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു

6. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം റോവിങ്സ്/സ്ലിവർ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു

7. ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ, പുതിയതരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുമുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി.

9. വിദേശികളെയും മറ്റ് സംസ്ഥാനക്കാരെയും ഉദ്ദേശിച്ചുകൊണ്ട് നെടുമ്പാശ്ശേരി അന്താരാഷ്ട്ര എയർപോർട്ടിൽ പുതിയ ഒരു ഖാദിഗ്രാമ സൗഭാഗ്യ ആരംഭിച്ചു.

10. ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തി, ഖാദി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തി ഖാദി തുണിയുടെ ലഭ്യത വർദ്ധിപ്പിച്ചു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ഖാദി തൊഴിലാളികളുടെ കൂലിയിലും പ്രൊഡക്ഷൻ ഇൻസെന്റീവിലുമുള്ള കുടിശ്ശിക

102 (4093) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഖാദി തൊഴിലാളികളുടെ കൂലി ഇനത്തിലും പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലും കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര കുടിശ്ശികയുണ്ടെന്നും കുടിശ്ശിക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) മേൽ തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly